വിഷയം: വേഗത്തിൽ നീങ്ങുന്ന ഘടികാരസൂചി

# അസ്പർശ്യ

അഴുക്കും കടലാസുകഷ്ണങ്ങളും ചെറിയ മുടിക്കെട്ടുകളും പൊടിപടലങ്ങളും ഇടയ്ക്കിടെ എന്റെ മുഖത്തേക്കു പാറിവീണുകൊണ്ടിരുന്നു. വിയർപ്പിൽ ~~നനഞ്ഞ~~ നനഞ്ഞ മുടിയിഴകൾ നെറ്റിയിലും കഴുത്തിലും ഒട്ടിപ്പിടിച്ചു. ഞാൻ അസ്വസ്ഥയായി. ചൂൽ താഴെ വെക്കാതെ ചെന്നു ക്ലാസ്മുറിയുടെ വാതിലടച്ചു. കാറ്റിനൊപ്പം വെളിച്ചവും മറഞ്ഞു. ഞാൻ ലൈറ്റുകൾ ഓൺ ചെയ്യുന്നതിനെപ്പറ്റി ആലോചിച്ചില്ല. ഇരുട്ടാണ് കൂടുതൽ പരിചിതം. ക്ലാസ്മുറിയുടെ നിർവ്വികാരമായ തറയിലൂടെ ചൂൽ ഇരുട്ടിനെ ഉരുമ്മി നീങ്ങി.

അടിച്ചുകൂട്ടിയ ചപ്പുചവറുകൾ എന്നോ-
ടു സംസാരിക്കാനാഗ്രഹിക്കുന്നതായി തോ-
ന്നി. ഞാനതെല്ലാം ഇരുളിലുപേക്ഷിച്ച്,
ബാഗും തോളിലിട്ട് വേഗത്തിൽ പുറത്തി-
റങ്ങി.

ഓർമ പോലെ തെളിച്ചമാർന്ന സൂര്യ-
പ്രകാശം മുഖത്തുവന്നുതട്ടിയപ്പോൾ
ഞാൻ കണ്ണു ചിമ്മി, പുഞ്ചിരിച്ചു. ഞങ്ങ-
ളുടെ വിഹാരം അന്ന് വസന്തത്തിന്റെ
ആവരണത്തിലായിരുന്നു. ഭിക്ഷുമാരും
ഭിക്ഷുണിമാരും നിശബ്ദരായി നടന്നുനീ-
ങ്ങുന്ന വഴികളിൽ വെളുത്ത പൂവിതളു-
കൾ ഒച്ചയുണ്ടാക്കാതെ പൊഴിഞ്ഞുവീ-
ണു. എന്റെ കറുത്ത ഉടലിനുമേൽ
ഭിക്ഷുണിവസ്ത്രം ചന്തത്തോടെ പരന്നു-
കിടന്നു. എനിക്കു ബുദ്ധനെ കാണ-
ണമെന്ന് തോന്നി. ഞാൻ മുളകൾക്കരി-
കിലേക്കു നടന്നു.

"നീയാരാണെന്നു നിനക്കു ബോ-
ധം വേണം!" ടീച്ചറുടെ കൂർത്ത ശബ്ദം
എന്നെ ഞെട്ടിച്ചു. സ്റ്റാഫ്റൂമിലെ വലിയ
ക്ലോക്കിലേക്കു ഞാൻ അമ്പരന്നു നോക്കി.
ക്ലാസ്മുറിയിലെ അഴുക്കിന്റെ ശേഷിപ്പു-
കൾ മായാത്ത എന്റെ കൈകാൽ, ടീച്ചറു-
ടെ മേശയ്ക്കുമുന്നിൽ അപകർഷതയോ-
ടെ തൂങ്ങിക്കിടന്നു. എന്തിനാണു ടീച്ചറെ-
ന്നെ വീണ്ടും വിളിപ്പിച്ചത്? എന്തിനാണെ-
ന്നെ ശകാരിക്കുന്നത്? ഞാനോർക്കാ-
ത്തതാണോ, അതോ എനിക്കറിയാത്ത-
താണോ? ക്ലോക്കിന്റെ ടിക് ടിക് നാദം
എന്റെ മനസ്സിൽ ഇരുട്ടു പരത്തി.

ബുദ്ധനെന്നെ കണ്ടെത്തിയതി-
നെപ്പറ്റി സംസാരിക്കാൻ ഞാനാഗ്രഹി-
ച്ചു. അന്ന് ഞാൻ ചുടുകാടിനു സമീപം
ഒരു ശവത്തിന്റെ തുണിയുരിയുകയായി-
രുന്നു. തണുപ്പുകാലം വരാറായി, എനി-

ക്കു കൂടുതൽ വസ്ത്രങ്ങൾ വേണം.
ഞാൻ ശവത്തിന്റെ തുണിയഴിച്ചുകൊ-
ണ്ടു വരണ്ട മണ്ണിലിരിക്കെ, ബുദ്ധൻ
വന്നു. കരിയിലകൾ ആശ്വാസത്തോടെ
നെടുവീർപ്പിടുന്നതു ഞാൻ കണ്ടു. ഭയ-
ത്തോടെയാണു ഞാൻ എഴുന്നേറ്റു നി-
ന്നത്. ബുദ്ധനു മുന്നിൽ ഞാൻ തല താ-
ഴ്ത്തിനിന്നു. എന്റെ കണ്ണുകൾ നിറഞ്ഞു.
എന്റെ കാൽച്ചുവട്ടിൽ, എനിക്കും ബുദ്ധ-
നുമിടയിൽ, ആരുടേതെന്നറിയാത്ത ആ
ശവം അർധനഗ്നമായി കിടന്നു. ഞാൻ
എന്നെത്തന്നെ വെറുത്തു.

ഞാൻ എന്നെത്തന്നെ വെറുത്തു.
വെറുപ്പ് - അതെന്നെ ഭരിച്ചതാണ്! ടീച്ചറുടെ
മേശയിൽ നിന്നും ഒരു പുസ്തകം ശബ്-
ദത്തോടെ താഴെ വീണു. എന്നെ ശകാ-
രിച്ചുകൊണ്ടിരിക്കുന്നതിനിടെ ടീച്ചറുടെ
കൈ തട്ടിയതാണ്. ഞാൻ കുനിഞ്ഞ് ആ

പുസ്തകം കൈയിലെടുത്തു. അതിന്റെ
വെളുത്ത പുറംചട്ടയും എന്തോടെന്തോ
പറയാനാഗ്രഹിക്കുന്നതായി എനിക്കു തോ-
ന്നി. ഞാനത് ടീച്ചറുടെ മേശയിൽ വെച്ചു.
ടീച്ചറതിനെ നോക്കുന്നതു കണ്ടപ്പോൾ
ഞാൻ ഭയന്നു. ആ പുസ്തകം എന്നെ-
ന്നേക്കുമായി ഉപയോഗശൂന്യമായതായി,
തിരസ്കൃതമായതായി എനിക്കു തോന്നി.
ടീച്ചറുടെ കോപത്തിന്റെ ചൂട് എന്റെ
മുഖത്ത് നീറ്റലോടെ വന്നടിച്ചു. ഞാനെ-
ന്തിനാണിവിടെ നിൽക്കുന്നത്? ടീച്ചറെന്നോട്
എന്താണ് പറഞ്ഞുകൊണ്ടിരിക്കുന്നത്?
ആ ക്ലോക്കിലെ സൂചി എന്തിനാണിങ്ങനെ
ഓടിക്കൊണ്ടിരിക്കുന്നത്?

എന്നെ സംഘത്തിലെടുത്തത്
ചോദ്യംചെയ്യാൻ വിഹാരത്തിലേക്ക് ആ-
ളുകൾ വന്നു. ഭംഗിയുള്ള നിലാവിൽ
നിവർന്നുനിന്ന് ബുദ്ധൻ അവരോടു സം-

സാരിക്കുന്നത് ഞാൻ മുളകൾക്കിടയിലൂടെ കണ്ടു. ഹൃദയമിടിപ്പു നിയന്ത്രിക്കാൻ ഞാൻ പാടുപെട്ടു. ഞാൻ ആഴത്തിൽ ശ്വാസമെടുത്തു. പാദങ്ങൾ മണ്ണിൽ കൂടുതലുറപ്പിച്ചു. എനിക്കു മുകളിൽ ഒരാശ്വാസവാക്കുപോലെ, ഒരു വാഗ്ദാനം പോലെ അമ്പിളിക്കല തൂങ്ങിക്കിടന്നു.

ആ വാഗ്ദാനത്തിനു വേണ്ടി കരയാൻ ഞാനാശിച്ചു. ടീച്ചറുടെ മേശപ്പുറത്ത്, അനേകം പുസ്തകങ്ങൾക്കും കടലാസുകെട്ടുകൾക്കുമിടയിൽ, ആ ഒരു പുസ്തകം മാത്രം ഒറ്റപ്പെട്ടുകിടന്നു. അതിലെന്റെ വിരലടയാളങ്ങൾ പതിഞ്ഞുകിടക്കുന്നതായിപ്പോലും എനിക്കു തോന്നി. ടീച്ചറുടെ ശബ്ദം എന്റെ മുഖത്ത തലങ്ങും വിലങ്ങും കീറിമുറിക്കുന്നുണ്ട്. എന്നിട്ടും ഞാനതറിയുന്നില്ല...

“നീയാരാണെന്നു നിനക്കു ബോധം

വേണം!" അത് ഭൂതകാലത്തിൽ നിന്നുള്ള
ശബ്ദമായിരുന്നു. ഞാനത് മറന്നു. വിഹാ-
രത്തിലാരും എന്നെ തുറിച്ചുനോക്കിയില്ല,
എന്നോടു ചോദ്യങ്ങൾ ചോദിച്ചില്ല. അതിനാൽ
ഞാനെന്റെ ഉത്തരങ്ങളെല്ലാം കാറ്റിനു
നൽകി. ഞാനവ ജലത്തിലൊഴുക്കി,
നനഞ്ഞ മണ്ണിൽ കുഴിച്ചിട്ടു, മരത്തണൽ-
യിൽ മറന്നുവെച്ചു. മുള്ളുകളുടെ ഓരംപറ്റി
ഞാൻ ധ്യാനിച്ചുകൊണ്ടുമെല്ലെ നടന്നു.
എന്റെ ചുവടുകളെ മണ്ണ് അടുപ്പത്തോടെ
ഏറ്റുവാങ്ങി.

"ഇവിടെ നോക്ക്!" ടീച്ചർ ഒച്ചയിട്ടു.
ഞാൻ വീണ്ടും ഞെട്ടി. മുഖമുയർത്തി
ടീച്ചറെ നോക്കി. വെളുത്ത മുഖത്ത് രണ്ട്
ചെറിയ കണ്ണുകൾ. എന്നോടുള്ള വെറു-
പ്പിനാൽ മാത്രം നിലനിൽക്കുന്ന രണ്ട്
ചെറിയ, ചെറിയ കണ്ണുകൾ. "ജീവിതകാലം
മുഴുവനും നീ ഇവിടെ കിടക്കും! നിനക്കു

മനസ്സിലാകുന്നുണ്ടോ? ഈ ക്ലാസ്റൂമും അടിച്ചുവാരി, എന്റെ വഴക്കുംകേട്ട്, എന്റെ മേശയ്ക്കു മുന്നിൽ ഇങ്ങനെ തലകുനിച്ച്, നീ ഇവിടെ കിടക്കും! മനസ്സിലാകുന്നുണ്ടോ? ജീവിതകാലം മുഴുവനും!" ഞാൻ മുഖം തിരിച്ചു. പൊടുന്നനെ, ജീവിതത്തിലൊരിക്കലും ഉണ്ടായിട്ടില്ലാത്ത ഒരു നടുക്കം എന്റെ നട്ടെല്ലിലൂടെ മിന്നിക്കയറി. ആ ക്ലോക്ക്... അത് പിന്നോട്ടാണോടുന്നത്. ടീച്ചറുടെ വാക്കുകളെക്കാൾ വേഗത്തിൽ, എന്റെ നിലനിൽപ്പിനെക്കാൾ വേഗത്തിൽ, അതിന്റെ സൂചി പുറകിലേക്കോടുകയാണ്. ഞാനതിനെ കണ്ണു മിഴിച്ചു നോക്കി. പിന്നിലേക്ക്... പിന്നിലേക്ക്...

എനിക്കീ ശവത്തിന്റെ വസ്ത്രം ഉരിഞ്ഞെടുക്കാനാകുന്നില്ല. എന്റെ കൈകൾ വിറയ്ക്കുന്നു, എനിക്കിതു വലിക്കാനാകുന്നില്ല. അഴുക്കും കടലാസുകഷ്ണ-

ങ്ങളും ചെറിയ മുടിക്കെട്ടുകളും പൊടിപ്പ-
ടലങ്ങളും എന്റെ മുഖത്തേക്കിങ്ങനെ പാ-
റിവീഴുന്നതെവിടെനിന്നാണ്? ഈ ശവത്തിന്
ടീച്ചറുടെ മുഖം. അതെന്നെ നോക്കിച്ചിരി-
ക്കുകയാണ്. അതെന്നെ പരിഹസിക്കു-
കയാണ്. ഞാൻ മണ്ണിലേക്കു തളർന്നു-
വീണു. നിരുന്നു. ഇനിയൊരിക്കലും
ആരും തൊടാൻ പോകുന്നില്ലാത്ത ഒരു
പുസ്തകം പോലെ ജീവിതം. പിന്നിലേ-
ക്കോടുന്ന ക്ലോക്കിന്റെ ടിക് ടിക് ശബ്ദം.
അന്ന് മുളകൾക്കിടയിലൂടെ എത്ര നട-
ന്നിട്ടും ഞാൻ ബുദ്ധനെ കണ്ടെത്തി-
യില്ല. ഇരുട്ടിൽ ഒരു വലിയ ശൂന്യത എ-
ന്നെ പിടിച്ചുവെച്ചു. അനങ്ങാനാകുന്നില്ല.
“മനസ്സിലാകുന്നുണ്ടോ?”

“മനസ്സിലാകുന്നുണ്ടോ?” ഒരിക്കൽ-
ക്കൂടി ഞാൻ ഞെട്ടി. ഒന്നിനെപ്പറ്റിയുമാ-
ലോചിക്കാതെ ഞാൻ മുഖമുയർത്തി,

മേശയ്ക്കുനേരെ കുനിഞ്ഞു, ടീച്ചറുടെ മുഖത്ത് തുപ്പി. എന്റെ കണ്ണുകൾ അനിയന്ത്രിതമായി നിറഞ്ഞു. എല്ലാം നിശബ്ദമായി. ടീച്ചറെ നോക്കാതെ, ആ പുസ്തകത്തെ നോക്കാതെ ഞാൻ പുറത്തേക്കോടിയിറങ്ങി. ബുദ്ധനെവിടെ? ഞാൻ കണ്ണുതുടച്ചുകൊണ്ടു വേഗത്തിൽ നടന്നു.

മറക്കാനാകുന്നില്ല; ഒന്നും.... എങ്കിലും എനിക്കു പേടി തോന്നിയില്ല. കാരണം, അപ്പോഴേക്കും, ആ ക്ലോക്ക് നിലച്ചിരുന്നു.